LIBRARY ARCHIVES Kerala Legislative Assembly

കൈത്തറി വ്യവസായത്തിന്റെ യഥാർത്ഥ സ്ഥിതിയെക്കുറിച്ച് വിലയിരുത്തുന്നതിനും പുനരുദ്ധാരണ തന്ത്രങ്ങൾ ആവിഷ്കരിക്കുന്നതിനുമായി നടത്തിയ സർവ്വെ

42 [1181] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈത്തറി വ്യവസായത്തിന്റെ യഥാർത്ഥ സ്ഥിതിയെക്കുറിച്ച് വിലയിരുത്തുന്നതിനും പുനരുദ്ധാരണ തന്ത്രങ്ങൾ ആവിഷ്കരിക്കുന്നതിനും വേണ്ടി സർവ്വെ നടത്തുകയുണ്ടായിട്ടുണ്ടോ;

(ബി) ഈ സർവ്വെപ്രകാരം ലഭിച്ച വിവരങ്ങളും അതിന്റെ അടിസ്ഥാനത്തിൽ കൈക്കൊണ്ട തുടർ നടപടികളും സംബന്ധിച്ചുള്ള വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സർവ്വെ നടത്തിവരുന്നു.

(ബി) സർവ്വെ പൂർത്തിയായിട്ടില്ല.

അക്ഷയ പരിപാടി വ്യാപിപ്പിക്കുവാൻ നടപടി

43 [1182] ശ്രീ. കളത്തിൽ അബ്ദുള്ള: താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അക്ഷയ പരിപാടി മലബാറിലെ എല്ലാ ജില്ലകളിലും വ്യാപിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

മലപ്പുറം ജില്ലയിൽ വിജയകരമായി നടപ്പിലാക്കിവരുന്ന ഡിജിറ്റൽ അസമത്വം പരിഹരിക്കുന്നതിനുദ്ദേശിച്ചുകൊണ്ടുള്ള 'അക്ഷയ' പദ്ധതി (Bridging the Digital Divide Project) സംസ്ഥാനത്ത് എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കുന്നതിന് സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ഇപ്രകാരം 'അക്ഷയ' പദ്ധതി എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കപ്പെടുമ്പോൾ മലബാർ പ്രദേശം ഉൾക്കൊള്ളുന്ന ജില്ലകളിലും ഈ പദ്ധതി നടപ്പിൽ വരുന്നതായിരിക്കും.

വൃദ്ധജന ക്ഷേമ പ്രവർത്തനങ്ങൾ

44 [1183] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജനസംഖ്യയിൽ വൃദ്ധജനങ്ങളുടെ ശതമാനം എത്ര യാണെന്നറിയിക്കാമോ;

(ബി) കഴിഞ്ഞ രണ്ട് സെൻസസുകൾക്കിടയിൽ ഈ രംഗത്ത് എത്ര വ്യതിയാനമാണ് ഉണ്ടായിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) വൃദ്ധ ജനസംഖ്യയിൽ സ്ഥിര വരുമാനമില്ലാത്തവർ എത്രയാണെന്ന് കണക്ക് കൂട്ടിയിട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത വിവരം വിശദമാക്കാമോ;

(ഇ) വൃദ്ധജന ക്ഷേമ പ്രവർത്തനങ്ങൾക്കായി സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്നറിയിക്കുമോ;

(എഫ്) ഈ രംഗത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കായി യഥാക്രമം എത്ര തുക ധനസഹായം നൽകുന്നു;

(ജി) വൃദ്ധജനതയുടെ ആരോഗ്യ സംരക്ഷണത്തിനായി പുതിയ പദ്ധതികൾ ആരംഭിക്കുമോ;

(എച്ച്) വൃദ്ധജനങ്ങൾക്ക് ആഹാരവും പാർപ്പിടവും ഉറപ്പാക്കാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാന സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ 2001-ലെ വയോജന സർവ്വെ പ്രകാരം ജനസംഖ്യയുടെ 9 ശതമാനം വയോജനങ്ങളാണ് എന്നാണ് കണക്കാക്കിയിട്ടുള്ളത്.

(ബി) 1991-ലെ സെൻസസ് പ്രകാരം 25.62 ലക്ഷം വൃദ്ധജനങ്ങൾ ഉണ്ട്. 2001-ലെ സെൻസസ് റിപ്പോർട്ട് ലഭ്യമല്ലാത്തതിനാൽ വൃദ്ധജനങ്ങളിലുണ്ടായ വ്യതിയാനത്തിന്റെ കണക്ക് ലഭ്യമല്ല.

(സി, ഡി) വൃദ്ധജനസംഖ്യയിൽ സ്ഥിരവരുമാനമില്ലാത്തവരുടെ കണക്ക് ലഭ്യമല്ല.

(ഇ) വൃദ്ധജനസംരക്ഷണത്തിനായി സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ 4 വികലാംഗ വൃദ്ധസദനങ്ങൾ ഉൾപ്പെടെ 14 സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. ടി സ്ഥാപനങ്ങളിലെ അന്തേവാസികൾക്ക് പ്രതിമാസം സംരക്ഷണ ചെലവിനായി 450 രൂപയും മരുന്ന്, കിടക്ക, വസ്ത്രം എന്നിവയ്ക്കായി പ്രതിവർഷം 200 രൂപയും നൽകിവരുന്നുണ്ട്. കൂടാതെ സന്നദ്ധ സംഘടനകൾ നടത്തുന്ന സ്ഥാപനങ്ങൾക്ക് ഗ്രാന്റും നിർദ്ധനരായവർക്ക് വാർദ്ധക്യ കാല പെൻഷനും നൽകിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) സാമൂഹ്യ ക്ഷേമവകുപ്പ് നേരിട്ട് നടത്തുന്ന സ്ഥാപനങ്ങൾക്ക് 50.13 ലക്ഷം രൂപയും സന്നദ്ധ സംഘടനകൾ നടത്തുന്ന സ്ഥാപനങ്ങൾക്ക് 57.10 ലക്ഷം രൂപയുമാണ് നടപ്പ് വർഷം വകയിരുത്തിയിരിക്കുന്നത്.

(ജി, എച്ച്) വൃദ്ധജനങ്ങളുടെ സമഗ്രമായ ക്ഷേമപ്രവർത്തനങ്ങൾ ലക്ഷ്യമാക്കി മലപ്പുറം ജില്ലയിൽ സ്നേഹതീരം എന്ന പദ്ധതി നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്നു.

ആദിവാസികൾക്കുള്ള വരുമാനദായക വർദ്ധന പദ്ധതി

45 [1184] ശ്രീ. കളത്തിൽ അബ്ദുള്ള: താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അട്ടപ്പാടി കേന്ദ്രമാക്കി ആദിവാസികളുടെ വരുമാനദായക വർദ്ധന പരിപാടി നടപ്പിലാക്കുവാൻ സഹകരണ മേഖലയിൽ വ്യവസായ വകുപ്പ് എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകുമോ?

ഉത്തരം

വ്യവസായ വകുപ്പിന് കീഴിൽ സഹകരണ മേഖലയിൽ അട്ടപ്പാടിയിലെ ആദിവാസികളുടെ ഉന്നമനത്തിനായി കരകൗശല, വ്യവസായ, കൈത്തറിമേഖലകളിൽ സഹകരണ സംഘങ്ങൾ രൂപീകരിച്ചിട്ടുണ്ട്. വ്യവസായ വകുപ്പിൽനിന്നും വിവിധ ഇനത്തിൽ ഗ്രാന്റായി 35,98,667 രൂപയും വായ്പയായി 5,73,275 രൂപയും സർക്കാർ ഓഹരി പങ്കാളിത്തമായി 10,26,000 രൂപയും അനുവദിച്ചു നൽകിയിട്ടുണ്ട്. ആകെ 8 സഹകരണ സംഘങ്ങളിൽ ഇപ്പോൾ 3 എണ്ണം പ്രവർത്തിക്കുന്നുണ്ട്. അട്ടപ്പാടി മേഖലയിലെ ആദിവാസികളുടെ വരുമാന വർദ്ധനവിനായി രൂപീകരിച്ചിട്ടുള്ള ആയുർവേദ സഹകരണ സംഘം അംഗങ്ങളുടെ താൽപ്പര്യമില്ലായ്മ മൂലം പ്രവർത്തനരഹിതമാണ്. ഇതിന്റെ പുനരുദ്ധാരണത്തിനുള്ള ശ്രമം തുടരുന്നുണ്ട്. ആദിവാസികളുടെ ക്ഷേമം മുൻനിർത്തി അട്ടപ്പാടിയിൽ സഹകരണ മേഖലയിൽ പുതിയ നിർദ്ദേശങ്ങൾ ആരായുന്നുണ്ട്.

സ്ത്രീ ശാക്തീകരണം

46 [1185] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2002-03-ലെ സംസ്ഥാന ബഡ്ജറിൽ സ്ത്രീ ശാക്തീകരണത്തിനായി എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; ഇതിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഇതിനായി എന്തു തുകയാണ് നീക്കിവച്ചിരുന്നത് എന്നും എന്തു തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly